# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 65 — 01.07.2013 ൽ മറുപടിയ്ക്ക്

## രണ്ടാം ഘട്ട ജനസമ്പർക്ക പരിപാടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.കെ.ബഷീർ<br>" കെ.മുഹമ്മദുണ്ണി ഹാജി<br>" എം.ഉമ്മർ<br>" എൻ.എ. നെല്ലിക്കുന്ന്. | ശ്രീ.ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) ഒന്നാം ഘട്ട ജനസമ്പർക്ക പരിപാടിയിൽ നിന്നു ഉൾക്കൊള്ളാനായ അനുഭവങ്ങൾ രണ്ടാംഘട്ട പരിപാടിയുടെ വിജയത്തിന് ഉപയോഗപ്രദമാക്കാൻ എന്തൊക്കെ മുന്നൊരുക്കങ്ങളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ; | (എ) ഒന്നാം ഘട്ട ജനസമ്പർക്ക പരിപാടിയിൽ നിന്നും ഉൾക്കൊള്ളാനായ അനുഭവങ്ങൾ രണ്ടാംഘട്ട പരിപാടിയുടെ വിജയത്തിന് ഉപയോഗപ്രദമാക്കാൻ എടുത്തിട്ടുള്ള മുന്നൊരുക്കങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) രണ്ടാം ഘട്ടത്തിന് ഒന്നാം ഘട്ടത്തിൽ പരിഹരിക്കാനവാത്തതും, സെക്രട്ടേറിയറ്റുൾപ്പെടെ വർഷങ്ങളോളമായി കുടിശ്ശികയായിക്കിടപ്പുള്ളതുമായ ജനകീയ പ്രശ്നങ്ങൾ വേഗത്തിൽ പരിഹരിക്കുന്നതിന് പ്രത്യേകം പ്രാധാന്യം നൽകുമോ ?. | (ബി) ഇതും പരിഗണിക്കുന്നതാണ്. |

Kulakunh

സെക്ഷൻ ഓഫീസർ

# <u>അനുബന്ധം</u>

2013 ആഗസ്റ്റ് മാസം മുതൽ ആരംഭിക്കുന്ന ജനസമ്പർക്ക പരിപാടിയിലേക്ക് അക്ഷയ സെന്ററുകളിലൂടെയാണ് പ്രധാനമായും പരാതികൾ സ്വീകരിക്കുന്നത്. കൂടാതെ താലൂക്ക് ഓഫീസ്, കളക്ട്രേറ്റ് എന്നിവിടങ്ങളിലും പരാതികൾ സമർപ്പിക്കാം.. ഇന്റർനെറ്റ് കണക്ഷനുള്ള ഏത് കമ്പ്യൂട്ടർ ഉപയോഗിച്ചും പരാതി സമർപ്പിക്കാവുന്നതാണ്. ജനസമ്പർക്ക പരിപാടിയുമായി ബന്ധപ്പെട്ട പരാതികൾ സ്വീകരിക്കുന്നതിനും കൈകാര്യം ചെയ്യുന്നതിനും ഒരു വെബ് പോർട്ടൽ രൂപീകരിക്കുന്നതാണ്. വിവിധ കേന്ദ്രങ്ങളിൽ സ്വീകരിക്കുന്ന പരാതികൾ എല്ലാം ഓൺലൈനായി ഈ വെബ് പോർട്ട് വഴി എത്തും. ജനസമ്പർക്ക പരിപാടിയുടെ 30 ദിവസം മുമ്പ് വരെ പരാതി നൽകാവുന്നതാണ്.

എല്ലാ ജില്ലാതല ഓഫീസർമാർക്കും റവന്യൂ വകുപ്പിലെ തഹസിൽദാർമാർക്കും ജനസമ്പർക്ക വെബ് പോർട്ടലിൽ ഒരു യൂസർ അക്കൗണ്ട് ഉണ്ടായിരിക്കും. എല്ലാ ദിവസവും വൈകിട്ട് ജനസമ്പർക്ക പരിപാടിയുടെ ജില്ലാ സെല്ലിൽ നിന്നും ജില്ലാഓഫീസർമാരുടെ അക്കൗണ്ടിലേക്ക് പരാതി ഓൺലൈനിലൂടെത്തന്നെ കൈമാറുന്നു. പരാതിയെപ്പറ്റി അന്വേഷിച്ചു 15 ദിവസത്തിനകം നിജസ്ഥിതി ജില്ലാ ഓഫീസർ കളക്ട്രേറ്റിലെ ജനസമ്പർക്ക സെല്ലിൽ ഓൺലൈനിലൂടെ അറിയിക്കുന്നതും തുടർന്നുള്ള അഞ്ചു ദിവസത്തിനുള്ളിൽ കളക്ടർമാർ പരാതികളിൻമേൽ അവരുടെ ശുപാർശ/ റിപ്പോർട്ട് രേഖപ്പെടുത്തേണ്ടതുമാണ്. ജനസമ്പർക്ക പരിപാടിക്ക് കുറഞ്ഞത് 10-15 ദിവസം മുമ്പ് ജില്ലയുടെ ചുമതലയുള്ള മന്ത്രിയുടെ നേതൃത്വത്തിൽ സ്ക്രീനിംഗ് കമ്മിറ്റി കൂടേണ്ടതാണ്. സ്ക്രീനിംഗ് കമ്മിറ്റി മീറ്റിംഗ് അവസാനിക്കുന്നതിന് മുൻപ് മുഖ്യമന്ത്രി വീഡിയോ കോൺഫറൻസിലൂടെ ഈ മീറ്റിംഗിൽ

പങ്കെടുക്കുന്നതാണ്. പൊതുവായി വരുന്ന വിഷയങ്ങൾ, നയപരമായ കാര്യങ്ങൾ, മുഖ്യമന്ത്രിയുടെ അധികാര പരിധിയിൽ വരുന്നതോ മന്ത്രിസഭയിൽ തീരുമാനിക്കേണ്ടതോ ആയ പരാതികൾ എന്നിവ വീഡിയോ കോൺഫറൻസിൽ ചർച്ച ചെയ്ത് തീരുമാനിക്കുന്നതാണ്.

സ്ക്രീനിംഗ് കമ്മിറ്റി കഴിയുമ്പോൾ പരാതികളിന്മേലുള്ള തീരുമാനങ്ങൾ വെബ്സൈറ്റിൽ ലഭ്യമാക്കുന്നു ഇത് എസ്.എം.എസ് വഴി പരാതിക്കാരെ അറിയിക്കും. ഓൺലൈനിലും വിവരങ്ങൾ ലഭിക്കും. ജനസമ്പർക്ക ദിനത്തിൽ മുഖ്യമന്ത്രിയെ കാണേണ്ടവരെ സമയക്രമം നിശ്ചയിച്ച് എസ്.എം.എസിലൂടെയും, കത്തിലൂടെയും, വെബ്സൈറ്റ് വഴിയും അറിയിക്കുന്നതാണ്.

വമ്പിച്ച ജനക്കൂട്ടമോ, നീണ്ടക്യൂവോ, രോഗികളുടെ കാത്തുകിടപ്പോ ജനസമ്പർക്ക പരിപാടിയിൽ ഉണ്ടാകില്ല. ആദ്യം പരാതികൾ ജില്ലാതലത്തിൽ ചുമതലയുള്ള മന്ത്രിയുടെ നേതൃത്വത്തിൽ പരിഹരിക്കാൻ ശ്രമിക്കുന്നതാണ്. മുഖ്യമന്ത്രി നേരിൽ കണ്ടു തീരുമാനം എടുക്കേണ്ട പരാതിക്കാർക്ക് മാത്രം സന്ദർശന സമയം നൽകി ജനസമ്പർക്ക ദിനത്തിൽ വിളിച്ചു വരുത്തുന്നതാണ്. സമയക്രമം അനുസരിച്ച് പരാതിക്കാരെ വിളിക്കുന്നതും തീർപ്പാക്കുന്ന വിഷയങ്ങൾ അപ്പോൾ തന്നെ അറിയിക്കുന്നതും ഓൺലൈനിൽ രേഖപ്പെടുത്തുന്നതുമാണ്.